# പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3732 — 19.02.2013-ൽ മറുപടിക്ക്

## മൂർത്തികുന്ന്-തളികക്കല്ല് റോഡിന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ആലത്തൂർ മണ്ഡലത്തിൽ വനം വകുപ്പിനു കീഴിലുള്ള മൂർത്തിക്കുന്ന്-തളികക്കല്ല് റോഡിന്റെ നിർമ്മാണ പ്രവൃത്തി വർഷങ്ങൾക്കുമുമ്പ് നിർത്തി വെച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) നെന്മാറ വനം ഡിവിഷനിൽ ആലത്തൂർ റെയിഞ്ചിലെ മൂർത്തിക്കുന്ന്-തളികക്കല്ല് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2007-08 സാമ്പത്തിക വർഷത്തിൽ നബാർഡ് RIDF സ്കീമിൽ ഉൾപ്പെടുത്തി ആരംഭിച്ചിരുന്നു. എന്നാൽ പ്രാരംഭഘട്ടത്തിൽ തന്നെ കാലവർഷം മൂലമുണ്ടായ ശക്തമായ കാറ്റിലും മഴയിലും, നിർമ്മിച്ച റോഡ് മുഴുവൻ ഒലിച്ചു പോവുകയും, നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ നിറുത്തിവയ്ക്കേണ്ടതായും വന്നു. |
| (ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണെന്ന് ഒരു വർഷം മുമ്പ് നിയമസഭാ ചോദ്യത്തിനു മറുപടിയായി പറഞ്ഞിട്ടുള്ളകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം നബാർഡ് RIDF സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിന് ശ്രമം നടത്തുന്നുണ്ട്. |
| (സി) ഇതുവരെയും റോഡിന്റെ നിർമ്മാണപ്രവൃത്തി നടക്കാതിരിക്കുവാനുണ്ടായ കാരണം വ്യക്തമാക്കുമോ; | (സി) മൂർത്തിക്കുന്ന്-തളികക്കല്ല് കാടാർ കോളനി റോഡിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക 1 കോടി 30 ലക്ഷം രൂപയാണ്. ഫണ്ടിന്റെ ലഭ്യതക്കുറവു മൂലമാണ് നിർമ്മാണ പ്രവർത്തി നടക്കാതിരിക്കുന്നത്. |
| (ഡി) റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പുന:രാരംഭിക്കാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ? | (ഡി) റോഡ് നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്കേ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.